ഉത്തരം

(എ) 2011-12, 2012-13, 2014-15 വർഷങ്ങളിൽ കണ്ണൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ. റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. 2013-14 വർഷം ഭരണാനുമതി ലഭിച്ച റോഡുകളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 41 കി.മീ. റോഡ് അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ ലിസ്റ്റ് തയ്യാറാക്കി വരുന്നു.

**കോങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി**

55 (3022) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2011-12,2012-13, 2013-14, 2014-15 കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

പി.എം.ജി.എസ്.വൈ. പ്രകാരം 2011-12, 2012-13, 2014-15 കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 2011-12 | - | റോഡുകളൊന്നും തെരഞ്ഞെടുത്തിട്ടില്ല. | |
| 2012-13 | - | രംഗനാഥ് തെരയൻകോട് റോഡ് കേരളശ്ശേരി പഞ്ചായത്ത് | - അനുവദിച്ച തുക 100.195 ലക്ഷം 1.360 കി.മീ. |
| 2013-14 | - | പാലക്കയം തിരുപ്പതി റോഡ് തച്ചമ്പാറ പഞ്ചായത്ത് | - അനുവദിച്ചതുക 662.32 ലക്ഷം 6.150 കി.മീ. |
| 2014-15 | - | 1. പനയംമ്പാടം വാക്കട റോഡ്<br>2. വാക്കടപ്പുറം വാക്കടപ്പുറം റോഡ്. | |

ഈ റോഡുകൾ കോങ്ങാട് മണ്ണാർക്കാട് നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്നു. ഈ രണ്ടു റോഡുകൾ ഈ വർഷത്തെ പി.എം.ജി.എസ്.വൈ.-II-ലെ കാൻഡിഡേറ്റ് റോഡിൽ ഉൾപ്പെടുത്തി അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly